No. 6327/D/2012/FCSD

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ T.1104

14/06/2012 ൽ മറുപടിക്ക്

## റേഷൻ മൊത്ത വ്യാപാര കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ ആകെ എത്ര റേഷൻ മൊത്ത വ്യാപാര ഡിപ്പോകളുണ്ട്; | (എ) അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ വിതരണത്തിനായി 333 റേഷൻ മൊത്ത വ്യാപാര ഡിപ്പോകളും, മണ്ണെണ്ണയുടെ വിതരണത്തിനായി 285 മൊത്ത വ്യാപാര ഡിപ്പോകളും ഉണ്ട്. |
| (ബി) റേഷൻ സാധനങ്ങൾ ഡിപ്പോകളിൽ സൂക്ഷിച്ച് റേഷൻ കടകളിൽ എത്തിക്കുന്നതിന് ഡിപ്പോകൾക്ക് നല്കുന്ന കമ്മീഷൻ എത്രയാണ്; | (ബി) റേഷൻ മൊത്ത/ചില്ലറ വ്യാപാരികൾക്ക് നൽകി വരുന്ന കമ്മീഷന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഏറ്റവും അവസാനമായി കമ്മീഷൻ വർദ്ധിപ്പിച്ച് നല്കിയത് എന്നാണ്; | (സി) 01-06-2009 ൽ |
| (ഡി) 2011 മാർച്ചിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഈ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നോ ; എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനായിരുന്നു നിർദ്ദേശം എന്നും ഇത് നടപ്പാക്കാതിരുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ; | (ഡി) റേഷൻ വ്യാപാരികൾക്കുള്ള അരിയുടെയും ഗോതമ്പിന്റെയും കമ്മീഷൻ നിരക്കുകൾ ഏകീകരിച്ച് ചില്ലറ വ്യാപാരികൾക്ക് ക്വിന്റലിന് 40/- രൂപയായും മൊത്ത വ്യാപാരികൾക്ക് ക്വിന്റലിന് 30/-രൂപയായും വർദ്ധിപ്പിക്കുന്നതിനാണ് നിർദ്ദേശം ഉണ്ടായിരുന്നത്. എന്നാൽ പൊതു തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതു കാരണം ടി നിർദ്ദേശം നടപ്പിലാക്കാൻ കഴിഞ്ഞില്ല. |

| | | | |
|---|---|---|---|
| (ഇ) | സർക്കാർ ഇപ്പോൾ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ഇ) | കമ്മീഷൻ വർദ്ധന സംബന്ധിച്ച നിർദ്ദേശം സർക്കാർ സജീവമായി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| Zone | Rice (Per Qntl) | | | | | | Wheat (Per Qntl) | | | | Kerosene ( Per KL) | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | BPL | | APL | | AAY | | BPL | | APL | | Whole Sale | | Retail | |
| | Whole Sale | Retail | Whole Sale | Retail | Whole Sale | Retail | Whole Sale | Retail | Whole Sale | Retail | T | C | T | C |
| 1 | 17.90 | 25.59 | 18.38 | 26.29 | 17.90 | 25.59 | 17.72 | 25.34 | 17.72 | 25.34 | 50 | 204 | 116.57 | 82 |
| 2 | 18.46 | 26.31 | 18.95 | 27.02 | 18.46 | 26.31 | 18.28 | 26.05 | 18.28 | 26.05 | 50 | 204 | 145.72 | 82 |
| 3 | 19.02 | 27.74 | 19.51 | 28.49 | 19.02 | 27.74 | 18.85 | 27.47 | 18.85 | 27.47 | 50+93 ps/km | 204 | 160.27 | 82 |
| 4 | 20.15 | 27.74 | 20.64 | 28.49 | 20.15 | 27.74 | 19.98 | 27.47 | 19.98 | 27.47 | 50+93 ps/km | 204 | 174.86 | 82 |

മേൽ കാണിച്ചിട്ടുള്ളതിന് പുറമേ 01-06-2009 മുതൽ റേഷൻ മൊത്ത വ്യാപാരികൾക്ക് കിന്റലിന് 6/- രൂപാ (ആറ് രൂപ) നിരക്കിലും ചില്ലറ വ്യാപാരികൾക്ക് കിന്റലിന് 9/- രൂപാ (ഒൻപത് രൂപ) നിരക്കിലും കമ്മീഷൻ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

റേഷൻ പഞ്ചസാര വിതരണം ചെയ്യുന്നതിന് റേഷൻ ചില്ലറ വ്യാപാരികൾക്ക് കിന്റലിന് 15.50 രൂപ ( പതിനഞ്ച് രൂപ അൻപത് പൈസ) നിരക്കിൽ കമ്മീഷൻ നൽകുന്നു.